**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1095** **27-07-2021 - ൽ മറുപടിയ്ക്ക്**

**കാർഷിക സർവ്വകലാശാലയിലെ ഫാം സ്റ്റാഫ് നിയമനം.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ പി . | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക സർവ്വകലാശാലയിലെ ഫാം സ്റ്റാഫ് ജീവനക്കാരുടെ ഡ്യൂട്ടിയും ഉത്തരവാദിത്വങ്ങളും വിശദമാക്കാമോ; പ്രസ്തുത തസ്തികകളിൽ അവസാനമായി നിയമനങ്ങൾ നടന്നത് എപ്പോഴാണെന്ന് അറിയിക്കാമോ; | (എ) | ഫാം ഓഫീസർ തസ്തികയിൽ അവസാനമായി നിയമനം നടന്നത് 2010ലാണ്. കേരള കാർഷിക സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് പ്രകാരം ഫാം ജീവനക്കാരുടെ ഡ്യൂട്ടിയും ഉത്തരവാദിത്തങ്ങളും ചുവടെ ചേർക്കുന്നു. 1)To supervise labourers working in the experimental field and to see that the labourers engaged work according to the norms fixed 2)To maintain attendance of labourers engaged and to prepare their muster rolls. 3)To supervise the work which do not require the presence of higher officers. 4)To assist the teaching staff in the conduct of practical classes like giving training to students in ploughing, preparation of composts, poting of flower plants etc. 5)To take responsibility for the safety of the experimental crop from sowing to the harvest. 6)To help research staff in recording observations in the field. 7)Such other duties as may be prescribed by the controlling officers. |
| (ബി) | പ്രസ്തുത തസ്തികകളിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളത്; ജീവനക്കാരുടെ അഭാവം സർവ്വകലാശാലയുടെ പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | (ബി) | നിലവിൽ ഫാം ഓഫീസർ (അഗ്രി) വിഭാഗത്തിൽ 87 തസ്തികകളിൽ ഒഴിവുണ്ട്. ലഭ്യമായ ജീവനക്കാരുടെയും ശാസ്ത്രജ്ഞരുടെയും സേവനം പരമാവധി പ്രയോജനപ്പെടുത്തി സർവ്വകലാശാലയുടെ റവന്യൂ വരുമാനത്തെയും ഗവേഷണ പ്രവർത്തനങ്ങളെയും ബാധിക്കാത്തവിധം പ്രവർത്തനം നടത്തിവരുന്നു. |
| (സി) | ഈ തസ്തികകളിൽ നിയമനങ്ങൾ നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ? | (സി) | ഫാം ഓഫീസർ തസ്തികയിലേയ്ക്ക് പി.എസ്.സി മുഖാന്തിരം നിയമനം നടത്തുന്നതിന് എക്സിക്യൂട്ടീവ് ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ